**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4176** **28-06-2024 - ൽ മറുപടിയ്ക്ക്**

**കുന്നത്തുനാട് മണ്ഡലത്തിൽ ടേക്ക് എ ബ്രേക്ക് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ടേക്ക് എ ബ്രേക്ക് പദ്ധതിയിൽ ഉൾപ്പെടുത്തി കുന്നത്തുനാട് മണ്ഡലത്തിൽ എത്ര വിശ്രമ കേന്ദ്രങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ; | (എ) | ടേക്ക് എ ബ്രേക്ക് പദ്ധതിയിൽ ഉൾപ്പെടുത്തി കുന്നത്തുനാട് മണ്ഡലത്തിൽ 6 വിശ്രമകേന്ദ്രങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>കുന്നത്തുനാട് ഗ്രാമ പഞ്ചായത്ത് മാർക്കറ്റ് - 1 എണ്ണം<br><br>ഐക്കരനാട് ഗ്രാമ പഞ്ചായത്ത് വാർഡ് 7 ൽ കടമറ്റം എൻ.എച്ച് 49 ന് വശം - 1 എണ്ണം<br><br>തിരുവാണിയൂർ ഗ്രാമ പഞ്ചായത്ത് വെണ്ണിക്കുളത്ത് - 1 എണ്ണം<br><br>വടവുകോട് പുത്തൻകുരിശ് ഗ്രാമ പഞ്ചായത്തിൽ വടയാമ്പത്തുമലയിൽ - 1 എണ്ണം<br><br>വടവുകോട് പുത്തൻകുരിശ് ഗ്രാമ പഞ്ചായത്ത് കോമ്പൗണ്ടിൽ - 1 എണ്ണം.<br><br>വാഴക്കുളം ഗ്രാമ പഞ്ചായത്തിൽ ചെമ്പറക്കിയിൽ -1 എണ്ണം |
| (ബി) | പ്രസ്തുത പദ്ധതിയിൽ നിർമ്മാണം പൂർത്തീകരിക്കാൻ കഴിയാത്ത വിശ്രമ കേന്ദ്രങ്ങളുടെ വിശദാംശങ്ങളും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കാമോ? | (ബി) | **1. കുന്നത്തുനാട് ഗ്രാമ പഞ്ചായത്ത്**<br><br>പെരുമ്പാവൂർ പുത്തൻകുരിശ് PWD റോഡ് ഡബിൾ പാലത്തിന് സമീപം പദ്ധതിക്ക് സ്ഥലം കണ്ടെത്തിയെങ്കിലും പെരിയാർവാലി ലിഫ്റ്റ് ഇറിഗേഷൻ അധികാരികളിൽ നിന്നും NOC ലഭ്യമായിട്ടില്ല.<br>**2.തിരുവാണിയൂർ ഗ്രാമ പഞ്ചായത്ത്**<br><br>പുത്തൻകുരിശ് വുമൺസ് ഇൻഡസ്ട്രീസ് സെന്റർ പബ്ലിക്ക് ടോയലറ്റിന്റെ പണി പുരോഗമിച്ചു വരുന്നു<br>**3. വടവുകോട് പുത്തൻകുരിശ് ഗ്രാമ പഞ്ചായത്ത്**<br><br>പ്രോജക്റ്റ് നം.87/22 പ്രകാരം കുഴിക്കാട് ടേക്ക് എ ബ്രേക്ക് പദ്ധതി എഗ്രിമെന്റ് വച്ചെങ്കിലും കോടതിയിൽ |

| | | | |
|---|---|---|---|
| | | | കേസ് നിലനിന്നതിനാൽ പദ്ധതി ആരംഭിക്കുന്നതിന് കഴിഞ്ഞില്ല. ഇപ്പോൾ സാധന സാമഗ്രികളുടെ വില വർദ്ധനവ് കാരണം പ്രവർത്തിയുമായി മുന്നോട്ട് പോകാൻ കഴിയില്ലായെന്ന് കരാറുകാരൻ അറിയിച്ചതിനെ തുടർന്ന് കരാർ റദ്ദ് ചെയ്തിട്ടുണ്ട്.<br>**4.വാഴക്കുളം ഗ്രാമ പഞ്ചായത്ത്**<br>പദ്ധതിയുടെ പൂർത്തീകരണ ഘട്ടത്തിലുള്ള പണികൾ പുരോഗമിക്കുന്നു<br>**5.കിഴക്കമ്പലം ഗ്രാമ പഞ്ചായത്ത്**<br>കിഴക്കമ്പലം ബസ് സ്റ്റാന്റിന് പിന്നിലുള്ള പദ്ധതിയുടെ പൂർത്തീകരണ ഘട്ടത്തിലുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.<br>**6.വടവുകോട് ബ്ലോക്ക് പഞ്ചായത്ത്**<br>വടവുകോട് ജംഗ്ഷനിലെ വിശ്രമ കേന്ദ്രത്തിന്റെ നിർമ്മാണം പുരോഗമിക്കുന്നു. നിലവിൽ 50% പണി പൂർത്തിയായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ